കുടിവെള്ള വിതരണ പദ്ധതികൾ

181(882) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ പദ്ധതികളിൽ ശുദ്ധീകരണ സംവിധാനമില്ലാത്ത പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളം എത്തിച്ച് കൊടുക്കുന്നതിന് എന്ത് പദ്ധതികളാണുള്ളത്, വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന എത്ര കുടിവെള്ള വിതരണ പദ്ധതികളുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലനിധി പദ്ധതിപ്രകാരം സംസ്ഥാനത്തെ 8 ജില്ലകളിൽ ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട ജലവിതരണ പദ്ധതികളാണ് മുഖ്യമായും നടപ്പിലാക്കുന്നത്. ബൃഹത്തായ ശുചീകരണ സംവിധാനങ്ങൾ ഇത്തരം പദ്ധതിയിൽ ഉപയോഗിക്കുന്നില്ല. ചെറുകിട ശുചീകരണ പ്രക്രിയകളായ ഇൻഫിൽട്രേഷൻ ഗ്യാലറി, ക്ലോറിനേഷൻ എന്നിവ നടത്തി അണുവിമുക്തമാക്കിയാണ് ജലം വിതരണം ചെയ്യുന്നത്. കേരള ജല അതോറിറ്റിയുടെ കീഴിൽ ശുദ്ധീകരണ സംവിധാനം ഇല്ലാത്ത പദ്ധതികൾ ഒന്നാരംഭിച്ചിട്ടില്ല. ശുദ്ധീകരണശാലകളുള്ള പ്രധാന ശുദ്ധജലവിതരണ പദ്ധതികളെല്ലാം കൊയാഗുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ തുടങ്ങിയ ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷമാണ് ജലവിതരണം നടത്തുന്നത്. ജലശുദ്ധീകരണ ശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശേഖരിക്കുന്ന ജലം ബ്ലീച്ചിങ് പൗഡർ കലർത്തി അണുവിമുക്തമാക്കിയാണ് വിതരണം നടത്തുന്നത്. ഇത്തരത്തിൽ ശുദ്ധീകരണ ശാലകളില്ലാത്ത 914 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	95 എണ്ണം
കൊല്ലം	63 എണ്ണം
പത്തനംതിട്ട	62 എണ്ണം
കോട്ടയം	81 എണ്ണം
ആലപ്പുഴ	66 എണ്ണം
എറണാകുളം	17 എണ്ണം
ഇടുക്കി	82 എണ്ണം
തൃശ്ശൂർ	57 എണ്ണം
കോഴിക്കോട്	79 എണ്ണം
വയനാട്	19 എണ്ണം
കണ്ണൂർ	123 എണ്ണം
കാസർഗോഡ്	75 എണ്ണം
പാലക്കാട്	68 എണ്ണം
മലപ്പുറം	27 എണ്ണം
ആകെ	914 എണ്ണം

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും JICA, NABARD തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വിവിധ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്പോൾ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിലൂടെയും ഇപ്രകാരം. പുതുതായി ആസൂത്രണം ചെയ്ത നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിച്ചുകൊടുക്കുവാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്.

(സി) 3 എണ്ണം.

കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

182(883) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഹി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly